2024
JULY
25
THURSDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com




## റെയിൽവേ വികസനത്തിൽ കേരളം സഹകരിക്കുന്നില്ല: മന്ത്രി അശ്വിനി വൈഷ്ണവ്



**ന്യൂഡൽഹി:** റെയിൽവേ വികസന പദ്ധതികളിൽ കേരള സർക്കാർ മതിയായ സഹകരണം നൽകുന്നില്ലെന്നു റെയിൽ മന്ത്രി അശ്വിനി വൈഷ്ണവ്. ഭൂമിയേറ്റെടുക്കൽ പോലുള്ളവയിൽ സംസ്ഥാന സർക്കാരിൻറെ പിന്തുണയുണ്ടെങ്കിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്യാനാകുമെന്നും മന്ത്രി വിശദീകരിച്ചു. രണ്ടര പതിറ്റാണ്ടു പിന്നിട്ടിട്ടും അങ്കമാലി ശബരിമല ശബരി റെയ്ൽ പദ്ധതി തുടങ്ങിയിടത്തു നിൽക്കുന്നതിനെക്കുറിച്ചു ലോക്സഭയിൽ ചോദ്യോത്തര വേളയിൽ പ്രതികരിക്കുകയായിരുന്നു മന്ത്രി. ഇതൊരു സങ്കീർണമായ പദ്ധതിയാണ്. മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാരിൻറെ പിന്തുണ കൂടിയേ തീരൂ. ഭൂമിയേറ്റെടുക്കാൻ സംസ്ഥാന സർക്കാരിൻറെ പിന്തുണയില്ലെങ്കിൽ പദ്ധതി മുന്നോട്ടുപോകില്ലെന്നും മന്ത്രി വ്യക്തമാക്കി. അടൂർ പ്രകാശ് എംപിയുടെ ചോദ്യത്തിനാണു മന്ത്രിയുടെ വിശദീകരണം.

പുതിയ അലൈൻമെൻറ് വിലയിരുത്തിവരികയാണ്. 111 കിലോമീറ്ററാണ് ശബരി പാതയുടെ ദൂരം. ഈ പാതയിൽ നിന്നു ക്ഷേത്രത്തിലേക്ക് 35 കിലോമീറ്റർ ദൂരമുണ്ടാകും. എന്നാൽ, ചെങ്ങന്നൂർ പമ്പ പുതിയ പാതയ്ക്ക് ആവശ്യമുയരുന്നുണ്ട്. 75 കിലോമീറ്ററാണ് ഇതിൻറെ നീളം. പാത അവസാനിക്കുന്നിടത്തു നിന്ന് നാലു കിലോമീറ്റർ മാത്രമാകും ക്ഷേത്രത്തിലേക്കുള്ള ദൂരം. എംപിമാരും സംസ്ഥാന സർക്കാരും ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരോടും ചർച്ച ചെയ്തശേഷമേ ഏത് അലൈൻമെൻറ് സ്വീകരിക്കണമെന്നു തീരുമാനമെടുക്കാനാവൂ. പുതിയ പാതയുടെ വിശദ പരിശോധന നടക്കുകയാണ്.

സ്ഥലമെടുക്കുന്നതിനും അലൈൻമെൻറിനുമെതിരേ പ്രദേശവാസികളുടെ പ്രതിഷേധവും കേസുകളും മൂലം പദ്ധതി മുന്നോട്ടുകൊണ്ടുപോകാനാകുന്നില്ല. ഇതിനു പുറമേ കേരള സർക്കാരിൽ നിന്നു വേണ്ടത്ര പിന്തുണ ലഭിക്കുന്നുമില്ല. ഭൂമിയേറ്റെടുക്കലിനു പിന്തുണ നൽകാൻ എംപിമാരോട് മന്ത്രി അഭ്യർഥിച്ചു. ശബരി പാതയെ എരുമേലിയിൽ നിന്നു വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കു നീട്ടുന്നതിനു സംസ്ഥാന സർക്കാർ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് എരുമേലി പാതയ്ക്കും തുറമുഖവുമായി ബന്ധമില്ലെന്നു മന്ത്രി മറുപടി നൽകി. വിഴിഞ്ഞം തുറമുഖത്തിന് അടുത്തുള്ള റെയ്ൽവേ സ്റ്റേഷൻ നേമത്തേതാണ്. 2014നു ശേഷം കേരളത്തിന് റെയ്ൽവേയുടെ വിഹിതത്തിൽ കാര്യമായ വർധനയുണ്ടായി. 200914 കാലയളവിൽ പ്രതിവർഷം 372 കോടി രൂപയായിരുന്നത് 202324ൽ 2,033 കോടി രൂപയായി ഉയർന്നിട്ടുണ്ട്. എന്നാൽ, എല്ലാ പദ്ധതിയുടെയും നടപ്പാക്കൽ ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടാണെന്നും മന്ത്രി പറഞ്ഞു.

# റെയിൽവേ വികസനം കേരളത്തിന് 3011 കോടി

## ആവശ്യപ്പെട്ടത് 459 ഹെക്ടർ ഭൂമി; കൈമാറിയത് 62 ഹെക്ടർ മാത്രം

**ന്യൂദൽഹി:** കേരളത്തിലെ റെയിൽവേ വികസനത്തിനായി ബജറ്റിൽ അനുവദിച്ചത് 3011 കോടി രൂപ. രണ്ടാം യുപിഎ സർക്കാരിന്റെ കാലത്ത് ആകെ അനുവദിച്ച 372 കോടി രൂപയുടെ എട്ടു മടങ്ങാണ് ഈ തുകയെന്ന് കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ബജറ്റ് വിവരങ്ങൾ വിശദീകരിച്ച വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം നൂറു ശതമാനം പൂർത്തിയായിട്ടുണ്ട്. 12,350 കോടി രൂപചെലവിൽ എട്ട് പുതിയ ട്രാക്കുകളുടെ നിർമാണം സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. 35 സ്റ്റേഷനുകളുടെ നവീകരണം അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി നടക്കുന്നുണ്ട്. 2014 മുതൽ ഇതുവരെ 106 മേൽപ്പാലങ്ങൾ/ അടിപ്പാതകളുടെ നിർമാണം പൂർത്തിയാക്കിയതായും അശ്വിനി വൈഷ്ണവ് പറഞ്ഞു.

ശബരി പാത സംബന്ധിച്ച് പുതിയ അലൈൻമെന്റ് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ചെങ്ങന്നൂർ മുതൽ പമ്പ വരെയാണിത്. ഇത് പരിശോധിച്ചശേഷം ഏതാണ് മികച്ചതെന്ന് നോക്കി തുടർ നടപടികൾ സ്വീകരിക്കും. വിഴിഞ്ഞം തുറമുഖത്തിന്റെ റെയിൽ കണക്ടിവിറ്റിക്കായുള്ള പ്ലാനുകൾ ഉടൻ പൂർത്തിയാകും.

നേമം ആണ് വിഴിഞ്ഞത്തിന് അടുത്തുള്ള ലൈൻ. പാലക്കാട് ഡിവിഷൻ വിഭജിക്കുമെന്ന വാർത്ത ശരിയല്ലെന്നും അത്തരമൊരു വാർത്ത തന്നെ അത്ഭുതപ്പെടുത്തിയെന്നും അശ്വിനി വൈഷ്ണവ് പറഞ്ഞു.



ജനറൽ കോച്ചുകളുടെ വർധിച്ച് വരുന്ന ആവശ്യം പരിഗണിച്ച് പുതിയതായി 10,000 ജനറൽ കോച്ചുകൾ നിർമിക്കും. നിലവിൽ നിർമിക്കുന്ന 2,500 പുതിയ ജനറൽ കോച്ചുകൾക്ക് പുറമെയാണിത്. രണ്ടോ, മൂന്നോ വർഷങ്ങൾക്കുള്ളിൽ ഇവയുടെ നിർമാണം പൂർത്തിയാക്കും.

വന്ദേഭാരത് ട്രെയിനുകൾക്കായി മറ്റ് ട്രെയിനുകൾ പിടിച്ചിടുകയാണെന്ന പ്രചാരണം തെറ്റാണെന്നും മന്ത്രി വ്യക്തമാക്കി. അത്തരമൊരു പ്രചാരണം എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയില്ല. രാജ്യത്തുതന്നെ സതേൺ റെയിൽവേയാണ് കൃത്യസമയം പാലിക്കുന്നതിൽ മുന്നിലെന്നും അശ്വിനി വൈഷ്ണവ് കൂട്ടിച്ചേർത്തു.

റെയിൽവേ ലൈനുകളുടെ വികസന പ്രവർത്തനങ്ങൾക്കായി ആവശ്യപ്പെട്ട 459 ഹെക്ടർ ഭൂമിയിൽ കേരളം കൈമാറിയത് 62 ഹെക്ടർ ഭൂമി മാത്രമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹരിക്കണം. പദ്ധതികൾക്കായി ഫണ്ട് അനുവദിച്ചതുകൊണ്ട് മാത്രം കാര്യമില്ല.

കൂടുതൽ ട്രെയിനുകൾ അനുവദിക്കണമെങ്കിൽ പുതിയ ട്രാക്കുകൾ ആവശ്യമാണ്. ട്രാക്കുകൾ വികസിപ്പിക്കണമെങ്കിൽ സ്ഥലം ഏറ്റെടുത്ത് കൈമാറണം. സംസ്ഥാന സർക്കാരിന്റെ സഹകരണമില്ലാതെ സ്ഥലം ഏറ്റെടുക്കലും വികസന പ്രവർത്തനങ്ങളും മുന്നോട്ടുപോകില്ല.

സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുകയല്ല. എന്നാൽ സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിന് കൂടുതൽ ഊന്നൽ നൽകണമെന്നും അശ്വിനി വൈഷ്ണവ് കൂട്ടിച്ചേർത്തു.

## ലാഭം കൊയ്ത് വാണിജ്യ ബാങ്കുകൾ

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിലെ ആദ്യ ത്രൈമാസക്കാലയളവിലും ഇന്ത്യയിലെ വാണിജ്യ ബാങ്കുകളുടെ ലാഭം കുതിച്ചുയരുന്നു. ഇതുവരെ പുറത്തുവന്ന പ്രവർത്തന ഫലങ്ങളനുസരിച്ച് പൊതുമേഖല, സ്വകാര്യ ബാങ്കുകളെല്ലാം ലാഭക്കൊയ്ത്ത് തുടരുകയാണ്. നാണയപ്പെരുപ്പം നേരിടാൻ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്ക് വർധിപ്പിച്ചതും സാമ്പത്തിക മേഖലയിലെ ഉണർവും കിട്ടാക്കടങ്ങൾ കുത്തനെ കുറഞ്ഞതും ലാഭം കൂടാൻ ബാങ്കുകളെ സഹായിച്ചു.

രാജ്യത്തെ മുൻനിര ബാങ്കുകളായ എച്ച്ഡിഎഫ്സി ബാങ്ക്, കൊട്ടക് ബാങ്ക്, യെസ് ബാങ്ക്, ആർബിഎൽ ബാങ്ക്, ആക്സിസ് ബാങ്ക്, ബാങ്ക് ഒഫ് മഹാരാഷ്ട്ര, ഫെഡറൽ ബാങ്ക് തുടങ്ങിയവയെല്ലാം ഇക്കാലയളവിൽ അറ്റാദായത്തിൽ മികച്ച വളർച്ച




രേഖപ്പെടുത്തി. റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്ക് വർധിപ്പിച്ചതോടെ ബാങ്കുകളുടെ ലാഭ മാർജിൻ മെച്ചപ്പെടുകയാണ്. ഇതോടൊപ്പം വായ്പാ വിതരണത്തിലും നിക്ഷേപ സമാഹരണത്തിലും മികച്ച വളർച്ച നേടാനും ബാങ്കുകൾക്ക് കഴിഞ്ഞു. ഇക്കാലയളവിൽ കിട്ടാക്കടങ്ങൾ ഗണ്യമായി കുറഞ്ഞതും ബാങ്കുകൾക്ക് നേട്ടമായി.

രാജ്യത്തെ ഏറ്റവും വലിയ സ്വകാര്യ ബാങ്കായ എച്ച്ഡിഎഫ്സി ബാങ്കിൻറെ അറ്റാദായം ജൂണിൽ അവസാനിച്ച ത്രൈമാസക്കാലയളവിൽ 35 ശതമാനം ഉയർന്ന് 16,175 കോടി രൂപയായി. പലിശ വരുമാനത്തിലെ വർധനയും കിട്ടാക്കടങ്ങൾക്കായി മാറ്റിവയ്ക്കുന്ന തുകയിലുണ്ടായ കുറവുമാണ് ബാങ്കിൻറെ ലാഭക്ഷമത ഉയർത്തിയത്. അതേസമയം ജനുവരി, മാർച്ച് പാദത്തിനേക്കാൾ അറ്റാദായത്തിൽ രണ്ട് ശതമാനം കുറവുണ്ടായി. വായ്പകളിൽ 52.6 ശതമാനവും നിക്ഷേപ സമാഹരണത്തിൽ 24.4 ശതമാനവും വളർച്ച നേടി.പ്രമുഖ സ്വകാര്യ ബാങ്കായ കൊട്ടക് മഹീന്ദ്ര ബാങ്കിൻറെ അറ്റാദായം കഴിഞ്ഞ മൂന്ന് മാസങ്ങളിൽ 79 ശതമാനം ഉയർന്ന് 7,448 കോടി രൂപയിലെത്തി.



സൊസൈറ്റി ടുഡേ
SOCIETY TODAY




# നിസാൻ പ്രീമിയം അർബൻ എസ്‌യുവി എക്സ്ട്രെയിൽ ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ നാലാം തലമുറ പ്രീമിയം അർബൻ എസ്‌യുവി എക്സ്ട്രെയിൽ ഇന്ത്യയിൽ അവതരിപ്പിച്ചു. 2023ൽ ആഗോളതലത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട മികച്ച 5 എസ്‌യുവികളിൽ ഒന്നാണ് നിസാൻ ഇപ്പോൾ ഇന്ത്യയിൽ അവതരിപ്പിച്ചിരിക്കുന്ന നാലാം തലമുറ നിസാൻ എക്സ്ട്രെയിൽ. ലോകത്തിലെ ആദ്യ പ്രൊഡക്ഷൻ വേരിയബിൾ കംപ്രഷൻ ടർബോ എഞ്ചിൻ ഘടിപ്പിച്ചതാണ് ജപ്പാനിൽ നിർമിക്കുന്ന എക്സ്ട്രെയിൽ. ഡിസ്റ്റെപ്പ് ലോജിക്ക് കണ്ട്രോൾ & പാഡിൽ ഷിഫ്റ്റ് എന്നിവ ഉൾപ്പെടുന്ന മൂന്നാം തലമുറ എക്സ്ട്രോണിക്ക് സിവിടിയാണ് നിസാൻ എക്സ്ട്രെയിലിൽ സജ്ജീകരിച്ചിരിക്കുന്നത്. ഇത് തടസ്സമില്ലാത്ത ഷിഫ്റ്റിംഗും ശക്തമായ ആക്സിലറേഷനും നൽകുന്നു. ടോർക്ക് അസിസ്റ്റ്, എക്സ്റ്റൻഡഡ് ഐഡിൽസ്റ്റോപ്പ്, ക്വിക്ക് റീസ്റ്റാർട്ട്, മികച്ച ഇന്ധനക്ഷമത എന്നിവ നൽകുന്ന അത്യാധുനിക എഎൽഐഎസ് 12വി(അഘലശ 12ഢ) മൈൽഡ് ഹൈബ്രിഡ് സാങ്കേതികവിദ്യയും എക്സ്ട്രെയിലിൽ സജ്ജീകരിച്ചിരിക്കുന്നു. സെഗ്മെന്റിലെ ആദ്യത്തെ 31.2 സി.മി. ഹൈ റെസല്യൂഷൻ അഡ്വാൻസ്ഡ് ഡ്രൈവർ ഡിസ്പ്ലേ, ആർ20 ഡയമണ്ട് കട്ട് അലോയ് വീലുകൾ എന്നിവയുമുണ്ട്.

7 എയർബാഗുകൾ, എറൗണ്ട് വ്യൂ മോണിറ്റർ (എവിഎം) വിത്ത് മൂവിംഗ് ഒബ്ജക്റ്റ് ഡിറ്റക്ഷൻ (എംഒഡി), ബ്രേക്ക് ലിമിറ്റഡ് സ്ലിപ്പ് ഡിഫറൻഷ്യൽ (ബിഎൽഎസ്ഡി) പോലുള്ള കരുത്തുറ്റ സുരക്ഷാ ഫീച്ചറുകളോട് കൂടിയ അത്യാധുനിക ഓട്ടോമോട്ടീവ് ഘടനയാണ് എക്സ്ട്രെയിലിനുള്ളത്. ഡയമണ്ട് ബ്ലാക്ക്, പേൾ വൈറ്റ്, ഷാംപെയ്ൻ സിൽവർ എന്നീ മൂന്ന് നിറങ്ങളിൽ ലഭ്യമായ എക്സ്ട്രെയിൽ ജൂലൈ 26 മുതൽ ഒരു ലക്ഷം രൂപയ്ക്ക് ബുക്കിംഗ് നടത്താം. ഡെലിവറികൾ ഓഗസ്റ്റിൽ ആരംഭിക്കും.




# ഫിക്കി ബജറ്റ് വിശകലന ചർച്ച സംഘടിപ്പിച്ചു

**കൊച്ചി:** ഫിക്കി കേരള സ്റ്റേറ്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ബജറ്റ് വിശകലന ചർച്ച സംഘടിപ്പിച്ചു. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടറും പ്രൊഫസറുമായ പ്രൊഫ.സി വീരമണി മുഖ്യ പ്രഭാഷണം നടത്തി. സ്വകാര്യ മേഖലയിലെ നിക്ഷേപം വർധിക്കുന്നത് ഗുണപരമായ മാറ്റമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

തൊഴിലവസരങ്ങളുടെ അപര്യാപ്തതയും കയറ്റുമതി മേഖലയിലെ തിരിച്ചടിയും ആശങ്കയുളവാക്കുന്നതാണ്. ചരക്ക് കയറ്റുമതി മികച്ച നിലയിലാണെങ്കിലും മെർച്ചൻറൈസ് കയറ്റുമതി പ്രതീക്ഷിച്ച വളർച്ച കൈവരിച്ചില്ല. തുടർച്ച അനുഭവപ്പെടുത്തുന്ന ബജറ്റാണ് ധനമന്ത്രി അവതരിപ്പിച്ചത്. വലിയ പരിഷ്കാരങ്ങൾക്ക് മുതിർന്നിട്ടില്ലങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിനും നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്. തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം വർധിപ്പിക്കാനും തൊഴിലവസരങ്ങൾ വർധിപ്പിക്കാനും ബജറ്റിൽ നിർദേശമുണ്ട്.

നൈപുണ്യ വികസനത്തിൽ വ്യവസായ പങ്കാളിത്തം ഉറപ്പാക്കിയത് ഗുണപരമായ മാറ്റമാണ്. കയറ്റുമതി വർധനവിന് ബജറ്റിൽ കാര്യമായ തുക വകയിരുത്തിയിട്ടില്ല. വിദേശ വിപണി സാധ്യത പ്രയോജനപ്പെടുത്താൻ ഇന്ത്യക്ക് കഴിയണം. ആഗോള കയറ്റുമതിയിൽ രണ്ട് ശതമാനത്തിൽ താഴെയാണ് ഇന്ത്യയുള്ളത്. ഇന്ത്യയേക്കാൾ ചെറുരാജ്യമായ വിയറ്റ്നാം പോലും ഇന്ത്യയേക്കാൾ ബഹുദൂരം മുന്നിലാണ്. വിദേശ വിപണിയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തൻ ഇന്ത്യക്ക് കഴിയുന്നില്ല. ആഗോള മൂല്യ ശൃംഖലയിലൂടെ കയറ്റുമതി അവസരങ്ങൾ പ്രയോജനപ്പെടുത്തണം. മൊബൈൽ കയറ്റുമതിയിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞ ഇന്ത്യക്ക് എന്ത് കൊണ്ട് ഇത് മറ്റു മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ കഴിയുന്നില്ലെന്നും സി.വീരമണി ചോദിച്ചു.

സി പി പി ആർ ചെയർമാൻ ഡി. ധനുരാജ് ആമുഖ പ്രഭാഷണം നടത്തി. ഫിക്കി ടാക്സേഷൻ കമ്മിറ്റി ചെയർമാൻ ആന്റണി കൊട്ടാരം സ്വാഗതം പറഞ്ഞു. ജിയോജിത് ഫിനാൻഷ്യൽ സർവീസ് സീനിയർ മാർക്കറ്റിംഗ് സ്ട്രാറ്റജിസ്റ്റ് സോണി മാത്യൂസ്, ഡെലോയിറ്റ് പാർട്ണർ പ്രിയ നാരായണൻ, റെജി ടോം ആന്റണി ആൻഡ് അസോസിയേറ്റ്സ് മാനേജിംഗ് പാർട്ണർ റെജി ടോം ആന്റണി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. ഫിക്കി കേരള മേധാവി സാവിയോ മാത്യു നന്ദി പറഞ്ഞു.

# അലക്സാണ്ടർ കോഫ് കേരളാ ബ്ലാസ്റ്റേഴ്സിൽ



**കൊച്ചി :** കേരളാ ബ്ലാസ്റ്റേഴ്സ് എഫ്.സി ഫ്രഞ്ച് പ്രതിരോധ താരം അലക്സാണ്ടർ കോഫ് കേരളാ ബ്ലാസ്റ്റേഴ്സിൽ. രണ്ട് വർഷത്തെ കരാറാണ് താരം ക്ലബിൽ ഒപ്പുവച്ചിരിക്കുന്നത്. ഫ്രഞ്ച് ലീഗ് 2 ൽ എസ്എം കെയ്നിനായാണ് താരം അവസാനമായി കളിച്ചത്. തന്റെ ഒറിജിനൽ പൊസിഷൻ സെന്റർ ബാക്ക് ആണെങ്കിൽ പോലും ഡിഫെൻസിവ് മിഡ്ഫീൽഡറായും, റൈറ്റ് ബേക്കായും അലക്സാണ്ടർ കോഫ് കഴിവ് തെളിയിച്ചിട്ടുണ്ട്.

ഫ്രാൻസിൽ ജനിച്ച കോഫ്, വിവിധ ലീഗുകളിലും ഭൂഖണ്ഡങ്ങളിലും തന്റെ കഴിവുകൾ പ്രദർശിപ്പിച്ചുകൊണ്ട് ശ്രദ്ധേയമായ ഒരു ഫുട്ബോൾ യാത്ര നടത്തിയിട്ടുണ്ട്. 2008ൽ ലെൻസ് അക്കാദമിയിലേക്ക് മാറുന്നതിന് മുമ്പ് പ്ലൂസാൻ അത്‌ലറ്റിക്, സ്റ്റേഡ് ബ്രെസ്റ്റോയിസ് 29, ഗില്ലേഴ്സ്, കാവലെ ബ്ലാഞ്ചെ ബ്രെസ്റ്റ് എന്നീ യുവനിരകളിലാണ് താരം തന്റെ കരിയറിന്റെ ആദ്യഭാഗം കളിച്ചത്. തുടർന്ന് ക്ലബ്ബിന്റെ യുവനിരയിലൂടെ ശ്രദ്ധേയമായ പ്രകടനങ്ങൾ 16 വയസിൽ ആർസി ലെൻസിൽ നിന്ന് അദ്ദേഹത്തിന് ആദ്യത്തെ പ്രൊഫഷണൽ കരാർ ലഭിച്ചു. ആർസി ലെൻസുമായുള്ള വിജയകരമായ പ്രകടനത്തിന് ശേഷം, ലിഗ് 1 ൽ താരം 56 മത്സരങ്ങൾ കളിച്ചു. 2013 ലെ ഇറ്റാലിയൻ സീരി എ ക്ലബ് ഉഡിനീസിൽ നിന്നാണ് കോഫിന്റെ പ്രൊഫഷണൽ കരിയർ ആരംഭിച്ചത്.

2014ൽ ലാ ലിഗ ക്ലബായ ഗ്രാനഡ എഫ്സിയിലേക്ക് താരം പോയി. അവിടെ ടീമിനെ അഞ്ചാം സ്ഥാനത്ത് എത്തിക്കാൻ താരം സഹായിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഞഇഉ മല്ലോർക്ക (സ്പെയിൻ), മൗസ്ക്രോൺ (ബെൽജിയം), അജാസിയോ (ഫ്രാൻസ്), സ്റ്റേഡ് ബ്രെസ്റ്റോയിസ് (ഫ്രാൻസ്) തുടങ്ങിയ മുൻനിര ഡിവിഷൻ ടീമുകളിലേക്ക് ലോൺ നീക്കങ്ങൾ നടന്നു. 2018. 2018നും 2023നും ഇടയിൽ, 32കാരൻ അജാസിയോ, ഓക്സെറെ (ഫ്രാൻസ്), ബ്രെസിയ (ഇറ്റലി) എന്നീ ക്ലബ്ബുകളിലും കളിച്ചിട്ടുണ്ട്.

പല ലീഗുകളിലായി തന്റെ കരിയറിൽ ഉടനീളം 320 മത്സരങ്ങളാണ് കോഫ് കളിച്ചിട്ടുള്ളത്, 25 ഗോൾ സംഭാവനകളും ഉണ്ട്. എല്ലാ പ്രായ വിഭാഗത്തിലും അദ്ദേഹം ഫ്രാൻസ് ദേശീയ ടീമിനെ പ്രതിനിധീകരിച്ചിട്ടുണ്ട്.

# മുത്തുസുബ്രഹ്മണ്യൻ ഹരിഹരൻ കെബിസി ഗ്ലോബൽ സിഇഒ



**കൊച്ചി:** റിയൽ എസ്റ്റേറ്റ് വികസന രംഗത്തെ പ്രമുഖരായ കെബിസി ഗ്ലോബൽ ലിമിറ്റഡ് കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായി മുത്തുസുബ്രഹ്മണ്യൻ ഹരിഹരനെ നിയമിച്ചു. കമ്പനിയുടെ ആഗോള ബിസിനസ് വികസനത്തിനും നിർവ്വഹണത്തിനും അദ്ദേഹം നേതൃത്വം നൽകും. കൂടാതെ ബിസിനസ് വിപുലീകരണത്തിനുള്ള പുതിയ അവസരങ്ങൾ ഉപയോഗപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കമ്പനി മുംബൈയിൽ കോർപ്പറേറ്റ് ഓഫീസ് തുറന്നിട്ടുണ്ട്.

# ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് എട്ടാം പതിപ്പ്

PNB MetLife JBC JUNIOR BADMINTON CHAMPIONSHIP™

**കൊച്ചി:** രാജ്യത്തുടനീളമുള്ള യുവ ബാഡ്മിന്റൺ പ്രേമികൾക്ക് ആവേശം പകരുന്ന ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ എട്ടാം പതിപ്പുമായി പിഎൻബി മെറ്റ്ലൈഫ്. കൊച്ചി ഉൾപ്പടെ പത്തു നഗരങ്ങളിലാണ് ഈ വർഷത്തെ ചാമ്പ്യൻഷിപ്പ് നടക്കുക. പ്രാഥമിക സിറ്റി മത്സരങ്ങൾ ഓഗസ്റ്റ് ഒന്നിന് ഡെൽഹിയിൽ ആരംഭിക്കും. കൊച്ചിയിൽ ഓഗസ്റ്റ് 26 മുതൽ 29 വരെയാണ് മത്സരങ്ങൾ. 9820006190 എന്ന നമ്പറിൽ വിളിച്ച് മത്സരങ്ങൾക്കായി രജിസ്റ്റർ ചെയ്യാം.

7 നും 17 നും ഇടയിൽ പ്രായമുള്ള കളിക്കാർക്കുള്ള പിഎൻബി മെറ്റ് ലൈഫ് ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ, 9 വയസ്സിൽ താഴെയുള്ളവർക്കുള്ളതു മുതൽ, 17 വയസ്സിൽ താഴെയുള്ളവർക്ക് വരെയുള്ള മത്സരവിഭാഗങ്ങളുണ്ട്.

മത്സരങ്ങൾ സിംഗിൾസ് ഫോർമാറ്റിലാണ് നടത്തുന്നത്. ഓരോ മത്സരാർത്ഥിക്കും അവരുടെ പ്രായപരിധിക്കുള്ളിൽ വരുന്ന രണ്ടു വിഭാഗങ്ങളിൽ പങ്കെടുക്കാം.

സൊസൈറ്റി ടുഡേ
SOCIETY TODAY



ടൈ യംങ് എന്റർപ്രണർ 2023 24 ആഗോള മത്സരത്തിൽ ഫസ്റ്റ് റണ്ണറപ്പായ ഗ്ലോബൽ പബ്ലിക്ക് സ്കൂളിലെ ടീം വി സൈന് രണ്ടു ലക്ഷം രൂപയുടെ ചെക്ക് വിനോദിനി സുകുമാർ, വിവേക് കൃഷ്ണഗോവിന്ദ്, ജീമോൻ കോര എന്നിവർ ചേർന്ന് കൈമാറുന്നു. ജയശങ്കർ എസ് എസ്, പി ജേക്കബ്, ലക്ഷ്മി രാമചന്ദ്രൻ, ദിലീപ് ജോർജ്ജ് എന്നിവർ സമീപം.

# ടൈ യംങ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം 2024 –25 ഉദ്ഘാടനം ചെയ്തു

**കൊച്ചി:** സ്വപ്നം കാണുന്നവർക്കു മുമ്പിൽ വഴി തുറക്കുന്നതാണ് പുതിയ കാലത്തെ അവസരങ്ങളെന്ന് മാൻകാൻകർ എക്സിക്യൂട്ടീവ് ഡയറക്ടറു സി ഇ ഒയുമായ ഡോ. ജീമോൻ കോര പറഞ്ഞു. ടൈ യംങ് എന്റർപ്രണേഴ്സ് 2024 25 ഉദ്ഘാടന ചടങ്ങിൽ മുഖം പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

മറ്റുള്ളവർക്കു വേണ്ടി ജോലി ചെയ്യണോ മറ്റുള്ളവർക്കായി തൊഴിൽ സൃഷ്ടിക്കണോ എന്ന ചോദ്യത്തിന് ഉത്തരം തേടിയാൽ ഭാവി തീരുമാനിക്കാം ധൈര്യവും ആത്മവിശ്വാസവുമുണ്ടെങ്കിൽ സംരംഭകരാകാമെന്നും അതുവഴി ലോക നേതൃത്തിലേക്ക് എത്താമെന്നും അദ്ദേഹം പറഞ്ഞു. ലോകത്തിലെ ഏറ്റവും പ്രമുഖമായ നിരവധി കമ്പനികളുടെ തലപ്പത്ത് ഇന്ത്യക്കാരാണെന്നും അതിനർഥം അത്തരം കഴിവുകളുള്ളവരാണ് നമ്മളെന്ന് മനസ്സിലാക്കാമെന്നും അദ്ദേഹം പറഞ്ഞു.

ടൈ ഗ്ലോബൽ ചെയർ വിനോദിനി സുകുമാർ ടൈയുടെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തി. ഗ്ലോബൽ പബ്ലിക്ക് സ്കൂൾ ചെയർമാൻ പി ജേക്കബ്, ലക്ഷ്മി രാമചന്ദ്രൻ, ടൈ കേരള വൈസ് പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ഗ്ലോബൽ പബ്ലിക്ക് സ്കൂൾ പ്രിൻസിപ്പൽ ദിലീപ് ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.ടൈ യംങ് എന്റർപ്രണർ 2023 24 ആഗോള മത്സരത്തിൽ ഫസ്റ്റ് റണ്ണറപ്പായ ഗ്ലോബൽ പബ്ലിക്ക് സ്കൂളിലെ ടീം വി സൈന് രണ്ടു ലക്ഷം രൂപയുടെ ചെക്ക് കൈമാറി. ടീം ലീഡർ പുണ്യ മറുപടി പ്രസംഗം നടത്തി.




എൻഎഫ്ആർ കൊച്ചി ഫിലിം ഫെസ്റ്റിവലിൻറെ ഭാഗമായി നടത്തുന്ന ഉദ്ഘാടനം  സംവിധായകനും എഡിറ്ററുമായ മഹേഷ് നാരായണൻ നിർവ്വഹിക്കുന്നു. ലിയോ തദ്ദേവൂസ്, ശ്യാമള സുരേന്ദ്രൻ, ഡോ. ജെയ്ൻ ജോസഫ്, സിബി മലയിൽ, വിനീത് കുമാർ, സലാം ബാപ്പു, അരുൺ ബോസ്, ആൻറണി സോണി എന്നിവർ സമീപം

# കൊച്ചി ഫിലിം ഫെസ്റ്റിവലിൽ സ്ക്രിപ്റ്റ് പിച്ചിംഗ് ആരംഭിച്ചു

**കൊച്ചി:** ചെറുകഥകൾ, ഡോക്യുമെൻററികൾ, ആനിമേഷൻ സ്ക്രിപ്റ്റുകൾ എന്നിവ യാഥാർത്ഥ്യമാക്കുന്നതിന് നിക്ഷേപകരെ കണ്ടെത്തി സിനിമ നിർമ്മാണത്തിന് നവാഗതരെ സഹായിക്കുന്ന എൻ എഫ് ആർ കൊച്ചി ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ സ്ക്രിപ്റ്റ് പിച്ചിംഗും പ്രതിമാസ ഗ്ലോബൽ അക്കാദമി അവാർഡ് വിതരണവും ആരംഭിച്ചു.

എറണാകുളം ഷേണായിസ് തീയറ്ററിൽ നടന്ന ചടങ്ങിൽ സംവിധായകനും എഡിറ്ററുമായ മഹേഷ് നാരായണൻ സ്ക്രിപ്റ്റ് പീച്ചിംഗ് ഫെസ്റ്റിവലിൻറെ ഉദ്ഘാടനം നടത്തി. ആദ്യ പ്രതിമാസ ഗ്ലോബൽ അക്കാദമി അവാർഡിനായി തിരഞ്ഞെടുക്കപ്പെട്ട 'ദി ഷോ' എന്ന ഹ്രസ്വ ചിത്രത്തിൻറെ ഡയറക്ടർ വസിം അമീറിന് ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫെസ്റ്റിവൽ ചെയർമാൻ സിബി മലയിൽ സമ്മാനിച്ചു. ഡയറക്ടർ ഡോ. ജെയ്ൻ ജോസഫ്, എക്സിക്യൂട്ടീവ് ഡയറക്ടർ ലിയോ തദ്ദേവൂസ്, ശ്യാമള സുരേന്ദ്രൻ, വിനീത് കുമാർ. സലാം ബാപ്പു, അരുൺ ബോസ്, ആൻറണി സോണി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. സ്ക്രിപ്റ്റുകൾ അവലോകനം ചെയ്ത ശേഷം ഇൻഡസ്ട്രി ഇൻവെസ്റ്റേഴ്സ് ഇൻക്യുബേറ്റർ

ഇൻക്യൂബ് പ്ലാറ്റ് ഫോമിലെ നിക്ഷേപകർക്ക് കൈമാറും. സാധ്യതയുള്ള നിക്ഷേപകർ, നിർമ്മാതാക്കൾ, സിനിമാ വ്യവസായത്തിലെ മറ്റ് പ്രധാന പങ്കാളികൾ എന്നിവരുമായി ബന്ധപ്പെടാനുള്ള അപൂർവ്വ അവസരം കൂടിയാണിത്. സ്ക്രിപ്റ്റ് പിച്ചിംഗിനുള്ള എൻട്രികൾ ഈ മാസം 24 മുതൽ ഓഗസ്റ്റ് 30 വരെ ഫെസ്റ്റിവൽ വെബ് സൈറ്റ് വഴി സ്വീകരിക്കും. പിച്ച് റൂം പ്രോഗ്രാം ഒക്ടോബർ 4 മുതൽ 6 വരെയാണ് നടക്കുക.

ഗ്ലോബൽ അക്കാദമി പ്രതിമാസ അവാർഡുകൾക്കുള്ള ഷോട്ട്ഫിലിമുകൾ, ഡോക്യുമെൻററികൾ, ആനിമേഷൻ ഫിലിമുകൾ തുടങ്ങിയവ ഓഗസ്റ്റ് 15 വരെ സമർപ്പിക്കാം. ഈ രണ്ടു പരിപാടികൾക്കും ചലച്ചിത്ര സംവിധായകൻ അരുൺ ബോസിൻറെ നേതൃത്വത്തിലുള്ള സമിതിയായിരിക്കും മേൽനോട്ടം വഹിക്കുക. കല, സംസ്കാരം, സിനിമ മികവ് എന്നിവയാൽ നിറഞ്ഞ് നിൽക്കുന്ന ചലച്ചിത്ര മേള ഒക്ടോബർ ആദ്യവാരം കൊച്ചി താജ് വിവാന്തയിൽ നടക്കുന്ന ത്രിദിന ഉച്ചകോടിയോടെ സമാപിക്കും.

കൂടുതൽ വിവരങ്ങൾക്ക് 9048955441 എന്ന വാട്സ്ആപ്പ് നമ്പറിൽ അല്ലെങ്കിൽ festivalcoodinator@nfrkochifestival.com ൽ ബന്ധപ്പെടുക. വെബ് സൈറ്റ്: nfrkochifestival.com

infopark
smart space
KOCHI

# ഇൻഫോപാർക്കിൽ ബജറ്റ് ചർച്ചയും വിശകലനവും വെള്ളിയാഴ്ച

**കൊച്ചി:** കേന്ദ്രബജറ്റിനെക്കുറിച്ചുള്ള ആധികാരികവും സമഗ്രവുമായ വിശകലനത്തിനായി ഇൻഫോപാർക്ക് ജൂലായ് 26 വെള്ളിയാഴ്ച ഓൺലൈൻ ചർച്ച സംഘടിപ്പിക്കും. രാജ്യത്തിൻറെ പുരോഗതിയ്ക്കും വ്യവസായത്തിനും ഐടി മേഖലയ്ക്കും അനുയോജ്യമായ നയങ്ങളും പരിപാടികളും ഇതിലൂടെ വിശകലനം ചെയ്യുകയാണ് ഉദ്ദേശ്യം.

https://meet.google.com/xab-vdpq-uza,എന്ന ലിങ്ക് വഴി സെഷനിൽ  പങ്കെടുക്കാം. ഓരോ സെഷനിലും സിഇഒ, സിഎഫ്ഒ തലത്തിലുള്ള മൂന്ന് വിദഗ്ധരായിരിക്കും പങ്കെടുക്കുന്നത്. എച് ആർ, സിഎ, ഐടിഐടിഅനുബന്ധ വ്യവസായങ്ങൾ തുടങ്ങിയവർക്ക് ഇതിൽ  പങ്കെടുക്കാം. വൈകീട്ട് മൂന്നു മണി മുതലാണ് ഓൺലൈൻ വിശകലനം.

https://forms.office.com/r/WG2HunPrpu. എന്ന ലിങ്കിലൂടെ സൗജന്യമായി ചർച്ചയിൽ  പങ്കെടുക്കാൻ രജിസ്റ്റർ ചെയ്യാം.

മുംബൈയിലെ ബിഎസ്ആർ ആൻഡ് കോ. എ എ പിയെന്ന സ്ഥാപനത്തിൽ  നിന്നുള്ള ആനന്ദ് ഭണ്ഡാരി, സവിത് വി ഗോപാ എന്നിവർക്കൊപ്പം ചാർട്ടേർഡ് അക്കൗണ്ടൻറും ബിഎസ്ആർ ആൻഡ് കോ. എ എ പി പാർട്ണറുമായ പ്രദീപ് എ എന്നിവരാണ് വിശകലനത്തി  സംസാരിക്കുന്നത്.

ഐടിഐടി അനുബന്ധ കമ്പിനികൾ, ഇലക്ട്രോമിക്, ഓട്ടോമൊബൈൽ, ഇൻഫ്രാസ്ട്രക്ചർ മേഖലയിലെ അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് പതിനാല് കൊല്ലത്തെ പരിചയമുള്ള വ്യക്തിയാണ് ആനന്ദ് ഭണ്ഡാരി.

കൊച്ചി ഇൻഡയറക്ട് ടാക്സിൻറെ ഡയറക്ടറാണ് സതീഷ് വി ഗോപാൽ . ഗ്ലോബൽ  ട്രാൻസ്ഫർ പ്രൈസിംഗ് സർവീസസിൻറെ പാർട്ണറായ പ്രദീപ് എ 20 വർഷമായി അക്കൗണ്ടിംഗ് രംഗത്തുണ്ട്.



സൊസൈറ്റി ടുഡേ
SOCIETY TODAY








# ഒളിമ്പിക്സ് ഗെയിംസ് പാരീസ് 2024: കോഫി പാർട്ണറായി കോസ്റ്റ കോഫിയുടെ ഇന്ത്യൻ ബാരിസ്റ്റകൾ

**കൊച്ചി:** ഒളിമ്പിക്സ് ഗെയിംസ് പാരീസ് 2024ന്റെ ഔദ്യോഗിക കോഫി പാർട്ണറായി കോസ്റ്റ കോഫി. കോഫി കൾച്ചർ പ്രോത്സാഹിപ്പിക്കുന്നതിലും ആഗോളതലത്തിൽ ഇന്ത്യൻ ബാരിസ്റ്റകൾക്ക് പ്രാധാന്യം നൽകുന്നതിലും ഇതൊരു സുപ്രധാന നാഴികക്കല്ലായി മാറുന്നു. ആറ് കിയോസ്കുകളും നൂറ്റിപ്പതിലധികം സെൽഫ്സെർവ് പാക്റ്റോ മെഷീനുകളും ഉപയോഗിച്ച് ആറ് രാജ്യങ്ങളിൽനിന്നുള്ള നൂറ്റിമുപ്പത് കോസ്റ്റ കോഫി ടീം അംഗങ്ങൾ പാരീസിലുടനീളമുള്ള ഏഴ് വേദികളിൽ ആരാധകർക്കും അത്‌ലറ്റുകൾക്കും മികവുറ്റ ബീവറേജ് അനുഭവുമായി എത്തും.

അമീർ ഫായിസ്, മല്ലിക ത്രിപുര, അഭിഷേക് കുമാർ എന്നീ മൂന്ന് ഇന്ത്യൻ ബാരിസ്റ്റുകളെ ഇതിന്റെ കോസ്റ്റ കോഫി അവതരിപ്പിക്കുന്നു. തങ്ങളുടെ കഴിവുകൾ പരിഷ്കരിക്കുന്നതിനും കോസ്റ്റ കോഫിയുടെ ടീം വർക്കിന്റെയും മികവിന്റെയും മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനായി കഠിനമായ പരിശീലനത്തിലൂടെയാണ് അവർ കടന്നുപോയത്.

ടീം അംഗങ്ങൾ ഈ സൈറ്റുകളുടെ തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പാക്കുകയും അത്‌ലറ്റുകൾക്കും കാണികൾക്കും മാത്രമായി രൂപകൽപ്പന ചെയ്ത കോഫി മാസ്റ്റർ ക്ലാസുകൾ ഹോസ്റ്റ് ചെയ്യുകയും ചെയ്യും. ഒളിമ്പിക്സ് ആവേശം കൂട്ടിക്കൊണ്ട്, തിരഞ്ഞെടുക്കപ്പെടുന്ന കോസ്റ്റ കോഫി ടീം അംഗങ്ങൾക്ക് ഒളിമ്പിക് ഗെയിംസിൽ ദീപശിഖാ വാഹകർ ആവാനുള്ള അവസരവും ലഭിക്കും.

ഒളിമ്പിക്സ് ഗെയിംസ് പാരീസ് 2024ന്റെ ഔദ്യോഗിക കോഫി പാർട്ണറായതിൽ ഞങ്ങൾ അഭിമാനിക്കുന്നു. അഭിമാനകരമായ ഒരു അന്താരാഷ്ട്ര പ്ലാറ്റ്ഫോമിൽ നമ്മുടെ ഇന്ത്യൻ ബാരിസ്റ്റകളുടെ വൈദഗ്ധ്യവും കലാപരമായ കഴിവും പ്രദർശിപ്പിക്കാൻ ഈ അവസരം ഞങ്ങളെ അനുവദിക്കുക മാത്രമല്ല, ടീം അംഗങ്ങളോടുള്ള ഞങ്ങളുടെ പ്രതിബദ്ധത അടിവരയിടുന്നു. ഈ അതുല്യ അവസരം നൽകുന്നതിലൂടെ അവരുടെ മികവിനെ ആഘോഷിക്കുകയും വളർച്ചയെ പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യുന്നത്. കൊക്കകോള കമ്പനിയിലെ കോസ്റ്റ കോഫിയുടെ ഇന്ത്യ & എമർജിംഗ് ഇന്റർനാഷണൽ ജനറൽ മാനേജർ വിനയ് നായർ അഭിപ്രായപ്പെട്ടു.

ഒളിമ്പിക്സ് ഗെയിംസ് പാരീസ് 2024ൽ ഇന്ത്യയിൽ നിന്നുള്ള ഞങ്ങളുടെ ബാരിസ്റ്റയുടെ പങ്കാളിത്തം അമൂല്യമായ അനുഭവങ്ങളും അർത്ഥവത്തായ ബന്ധങ്ങളും രൂപപ്പെടുത്തുന്ന ശ്രദ്ധേയമായൊരു യാത്രയാണ്.

## കുസാറ്റ്: സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് ഡാറ്റാ സയൻസ്) പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 25 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കുസാറ്റ് ക്യാറ്റ റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 11.00 നു മുൻപ് കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 0484 2862301 എന്ന നമ്പറിലോ www.admissions.cusat.ac.in, www.dcs.cusat.ac.in എന്ന വെബ്സൈറ്റുകളിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വകുപ്പിൽ എം.സി.എ (റെഗുലർ), എം.സി.എ (കോസ്റ്റ് ഷേയറിങ്ങ്), എം.എസ്.സി കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, എം.എസ്.സി കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റാ സയൻസ് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 25 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിവിധ വിഭാഗങ്ങളിലായി, എം.സി.എ (റെഗുലർ) 8 സീറ്റുകളും, എം.സി.എ (കോസ്റ്റ് ഷേയറിങ്ങ്) 12 സീറ്റുകളും, എം.എസ്.സി കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇൻറലിജൻസിൽ 15 സീറ്റുകളും, എം.എസ്.സി കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റാ സയൻസിൽ 11 സീറ്റുകളുമാണ് ഒഴിവ്. റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം രാവിലെ 9.30 ക്കും 10.30 ക്കും ഇടയിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വകുപ്പിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുകയോ 04842862391 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഇൻറർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് നടത്തുന്ന എം.ടെക്ക് (ഒപ്റ്റോ ഇലക്ട്രോണിക്സ് ആൻഡ് ലേസർ ടെക്നോളജി) പ്രോഗ്രാമിൽ ജനറൽ സീറ്റുൾപ്പടെ ഒഴിവുള്ള 17 സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് വഴി അപേക്ഷിച്ചിട്ടില്ലാത്തവർക്കും പങ്കെടുക്കാം.ഗേറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണ.താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ജൂലൈ 25 ന് രാവിലെ 10.00 നും 10.30 ക്കും ഇടയ്ക്ക് കുസാറ്റിലെ ഇൻറർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിൽ ഹാജരാകണം.കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in , www.photonics.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 04842862411, 04842575848 എന്ന നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അപ്ലൈഡ് ഇക്കണോമിക്സ് വകുപ്പിൽ എം.എ ഇക്കണോമിക്സ് കോഴ്സിലെ ഒഴിവ് സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ജൂലൈ 26 ന് നടക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, www.admissions.ac.in എന്ന സർവകലാശാലാ വെബ്സൈറ്റ് സന്ദർശിക്കുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ . എൻ ആർ മാധവമേനോൻ ഇൻറ്റർ ഡിസിപ്ലിനറി സെൻറ്റർ നടത്തുന്ന അഞ്ചുവർഷ ബിരുദ പ്രോഗ്രാമായ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് എൽ.എൽ.ബി (ഹോണെഴ്സ്) പ്രോഗ്രാമിൽ കെ.എസ്.സി/കെ.എസ്.ടി ക്യാറ്റഗറിയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട് അഡ്മിഷൻ ജൂലൈ 26 ന് നടത്തുന്നു. കെ.എസ്.സി യിൽ 2 സീറ്റും കെ.എസ്.ടി യിൽ 1 സീറ്റുമാണ് ഒഴിവ്. റാങ്ക് ലിസ്റ്റിലുള്ളവരുടെ അഭാവത്തിൽ അവശ്യ യോഗ്യതയുള്ള മറ്റുള്ളവരെയും പരിഗണിക്കും. കെ.എസ്.സി, കെ.എസ്.ടി ക്യാറ്റഗറിയിൽപെട്ടവരുടെ അഭാവത്തിൽ യോഗ്യരായ ഒ.ഇ.സി(എസ്.സി), ഒ.ഇ.സി(എസ്.ടി) വിഭാഗങ്ങൾക്കും (ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഉള്ളവർ) അവസരം നൽകും. താല്പര്യമുള്ളവർ രാവിലെ 10.30 ന് ഓഫീസിൽ റിപ്പോർട് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in, www.icrep.cusat.ac.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 8078019688 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ എം.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ് (ഡാറ്റാ സയൻസ് ആൻഡ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ്)/ (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് സോഫ്റ്റ്‌വെയർ എൻജിനീയറിംഗ്) പ്രോഗ്രുകളിൽ സംവരണ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 25 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. സംവരണ വിഭാഗത്തിൽ ആരും ഹാജരായില്ലെങ്കിൽ പ്രസ്തുത സീറ്റുകൾ ജനറൽ വിഭാഗത്തിലേക്ക് മാറ്റി അഡ്മിഷൻ നടത്തും. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.30 ന് മുൻപ് കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 0484 2862301എന്ന നമ്പറിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

## കുസാറ്റിൽ ജോബ് ഫെയർ

**കൊച്ചി:** കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോമോഡൽ കരിയർ സെൻററിൻറെ ആഭിമുഖ്യത്തിൽ ജൂലൈ 27 ന് രാവിലെ 10.00 മുതൽ എട്ടാം ക്ലാസ്സ് പാസ്സ്, പ്ലസ് ടു, ബിരുദം, ഐ.ടി.ഐ/ പോളിടെക്നിക്ക് ഡിപ്ലോമ (മുൻഗണന ഇലക്ട്രോണിക്സ്) തുടങ്ങിയ യോഗ്യതയുള്ളവർക്ക് സ്വകാര്യ സ്ഥാപനങ്ങളിലെ 400 സ്ഥിര ഒഴിവുകളിലേക്കും ബി.ടെക്ക് കമ്പ്യൂട്ടർ സയൻസ് യോഗ്യതയുള്ളവർക്കും, വിദ്യാർത്ഥികൾക്കും ഇൻറേൺഷിപ്പിനും കുസാറ്റ് മോഡൽ കരിയർ സെൻററിൽ വെച്ച് അഭിമുഖം നടത്തുന്നു.പങ്കെടുക്കാൻ താൽപര്യമുള്ളവർ പേര്,മേൽവിലാസം,വിദ്യാഭ്യാസ യോഗ്യത എന്നിവ സഹിതം ഘഴയസരവശ.ലു@ഴാമശഹ.രീാ എന്ന വിലാസത്തിൽ അയച്ച് രജിസ്റ്റർ ചെയ്യുക.കൂടുതൽ വിവരങ്ങൾക്ക്, 04842576756 എന്ന നമ്പറിൽ ബന്ധപ്പെടുക.

## താൽക്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ ജൂനിയർ റസിഡന്റ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. യോഗ്യത: എം.ബി.ബി.എസ്. വേതനം: 45,000 രൂപ. ആറുമാസ കാലയളവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം. താൽപ്പര്യമുള്ളവർ വയസ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ് എന്നിവ സഹിതം ഓഗസ്റ്റ് 31 ന് മെഡിക്കൽ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ രാവിലെ 10.30ന് നടക്കുന്ന കൂടിക്കാഴ്ച്ചയിൽ പങ്കെടുക്കാം. അന്നേ ദിവസം രാവിലെ 10 മുതൽ 10.30 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന. ഫോൺ:04842754000




# മൂന്നു വർഷത്തിനിടെ ജില്ലയിൽ അടച്ചുപൂട്ടിയത് 36 റേഷൻ കടകൾ

**കൊച്ചി:** മൂന്നു വർഷത്തിനിടെ ജില്ലയിൽ അടച്ചുപൂട്ടിയത് 36 റേഷൻ കടകൾ. സംസ്ഥാനത്ത് ഈ കാലയളവിൽ ഏറ്റവുമധികം റേഷൻ കടകൾ സേവനം അവസാനിപ്പിച്ചത് ജില്ലയിലാണ്. ലൈസൻസികളുടെ പ്രായാധിക്യം മുതൽ വിദേശ ജോലികൾ ലഭിച്ചു പോയതുവരെയാണ് കടകൾ അടച്ചുപൂട്ടുന്നതിന് കാരണമായിട്ടുള്ളതെന്നാണ് ഭക്ഷ്യപൊതുവിതരണ വകുപ്പിൻറെ വിശദീകരണം.

നഷ്ടം മൂലമല്ല ഈ അടച്ചുപൂട്ടലുകളെന്ന് സർക്കാർ വാദിക്കുമ്പോഴും നഷ്ടം സഹിച്ച് മുന്നോട്ട് പോകാനാകില്ലാത്തതിനാലാണ് സേവനം അവസാനിപ്പിച്ചിട്ടുള്ളതെന്നാണ് കടയുടമകളുടെ വിശദീകരണം.

പലയിടങ്ങളിലും കാർഡ് ഉടമകൾ കുറവാണെന്നതും ഇതിന് കാരണമായിട്ടുണ്ട്. ഇത്തരത്തിൽ പതിനായിരത്തിലധികം റേഷൻ കടകളാണ് സംസ്ഥാനത്തുടനീളം ഉള്ളത്. 600ൽ താഴെ കാർഡ് ഉടമകളാണ് ഇത്തരം ഓരോ കടയിലും. 44 ക്വിന്റൽ വരെ റേഷൻ ഭക്ഷ്യധാന്യങ്ങൾ വിറ്റാലാണ് ഇവർക്ക് അടിസ്ഥാന കമ്മിഷനായ 18,000 രൂപ ലഭിക്കുന്നത്.

കേരള റേഷൻ വ്യാപാരി ക്ഷേമനിധിയുടെ പെൻഷൻ കുടിശിക 1.64 കോടി രൂപയാണെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് വ്യക്തമാക്കി. ക്ഷേമനിധിയിൽനിന്ന് അംശദായം തിരികെ നൽകാനായി 1.01 കോടി രൂപയും മരണാനന്തര ധനസഹായമായി 23.42 ലക്ഷം രൂപയും കുടിശികയുണ്ട്. വിദ്യാഭ്യാസ സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം എന്നിവയും കുടിശികയാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# രാജ്യത്തെ തൊഴിലവസരങ്ങളിൽ വൻ കുതിച്ചു ചാട്ടമുണ്ടാകും



**കൊച്ചി:** കേന്ദ്ര ബജറ്റിലെ നിർദ്ദേശങ്ങളുടെ ഫലമായി രാജ്യത്തെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങളുടെ കാര്യത്തിൽ വൻ കുതിച്ചു ചാട്ടമാകും ഉണ്ടാകുകയെന്ന് നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് മാനേജിങ് ഡയറക്ടറും സിഇഒയുമായ ആഷിഷ്കുമാർ ചൗഹാൻ പറഞ്ഞു. എയ്ഞ്ചൽ ടാക്സ് ഒഴിവാക്കിയതടക്കമുള്ള നീക്കങ്ങൾ ഇന്ത്യയെ ഏറ്റവും വലിയ സ്റ്റാർട്ടപ് മേഖലയാക്കി മാറ്റും. മുദ്ര വായ്പകളുടെ പരിധി 10 ലക്ഷത്തിൽ നിന്ന് 20 ലക്ഷം രൂപ വരെ ഉർത്തിയതും തൊഴിലവസരങ്ങളുടെ കാര്യത്തിൽ കുതിച്ചു ചാട്ടത്തിനു പിന്തുണയേകും. തൊഴിൽ രംഗത്ത് വനിതകളുടെ പങ്കാളിത്തം വർധിക്കുന്നതായിരിക്കും ദൃശ്യമാകുന്ന മറ്റൊരു പ്രവണത. അടിസ്ഥാന സൗകര്യ രംഗത്ത് വൻ നീക്കങ്ങൾ നടത്തുമ്പോഴും പ്രത്യക്ഷ, പരോക്ഷ നികുതികളുടെ കാര്യത്തിൽ വർധനവു വരുത്തിയിട്ടില്ലെന്നതു ശ്രദ്ധേയമാണെന്നും ആഷിഷ് കുമാർ ചൗഹാൻ പറഞ്ഞു.

# വിഗാർഡ് വരുമാനത്തിൽ 21.6 ശതമാനം വർധന, അറ്റാദായത്തിൽ 54.1 ശതമാനം വളർച്ച

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2024 25 സാമ്പത്തിക വർഷം, ജൂൺ 30ന് അവസാനിച്ച ആദ്യ പാദത്തിൽ 1477.10 കോടി രൂപയുടെ അറ്റ വരുമാനം നേടി. മുൻ വർഷം ഇതേകാലയളവിലെ 1214.76 കോടി രൂപയിൽ നിന്നും 21.6 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. കമ്പനിയുടെ അറ്റാദായം മുൻ വർഷത്തെക്കാൾ 54.1 ശതമാനം വളർച്ചയോടെ 98.97 കോടി രൂപയായി. മുൻ വർഷമിത് 64.22 കോടി രൂപയായിരുന്നു

വേനൽകാലത്ത് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെയും കൺസ്യൂമർ ഡ്യൂറബിൾ ഉൽപന്നങ്ങളുടെയും വർധിച്ചുവന്ന ആവശ്യകത അവയുടെ വില്പനയിൽ വർധനവ് രേഖപ്പെടുത്തി.

ജൂണിൽ കോപ്പർ വില കുറഞ്ഞതിനെത്തുടർന്ന്, കച്ചവടക്കാർ കൈവശം വച്ചിരുന്ന സ്റ്റോക്കിന്റെ അളവ് കുറച്ചതാണ് വി ഗാർഡിന്റെ ഇലക്ട്രിക്കൽ വിഭാഗത്തിന് കീഴിലുള്ള ഇലക്ട്രിക്ക് വയറുകൾക്ക് തിരിച്ചടിയായത്. മൊത്തത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച വി ഗാർഡിന്റെ 50 ശതമാനത്തിലേറെ വരുമാനവും ദക്ഷിണേതര വിപണികളിൽ നിന്നാണ് ലഭിച്ചിട്ടുള്ളത് എന്ന് വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പള്ളി പറഞ്ഞു.

ചരക്ക് വിലയുടെ കുറവും വിവിധ വിലനിർണ്ണയങ്ങളും ഫലപ്രദമായ ചെലവ് ചുരുക്കൽ നയങ്ങളും മൊത്ത മാർജിനുകളെ മെച്ചപ്പെടുത്തി. പ്രവർത്തന മൂലധനത്തിന്റെ ഫലപ്രദമായ ക്രമീകരണത്തിലൂടെ ശക്തമായ ക്യാഷ് ഫ്ലോ തുടരാൻ ഞങ്ങൾക്കായി. ഈ സാമ്പത്തിക വർഷത്തിലെ മികച്ച തുടക്കത്തിലൂടെ വരും പാദങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഞങ്ങൾക്ക് കഴിയുമെന്നാണ് കരുതുന്നത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# നിക്കോൺ ഇന്ത്യ കൊച്ചിയിൽ സെഡ് 6 III അവതരിപ്പിച്ചു

**കൊച്ചി:** നിക്കോൺ കോർപറേഷന്റെ പൂർണ സബ്സിഡിയറിയായ നിക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഏറെ പ്രതീക്ഷിച്ചിരുന്ന സെഡ് 6 III കൊച്ചി താജ് ഗേറ്റ് വേയിൽ നടത്തിയ ചടങ്ങിൽ അവതരിപ്പിച്ചു.

ഫുൾ ഫ്രെയിം മിറർ രഹിത ക്യാമറാ വിഭാഗത്തിലെ തങ്ങളുടെ പ്രതിബദ്ധത അരക്കിട്ടുറപ്പിക്കുന്ന നിക്കോൺ ഇന്ത്യ വീഡിയോഗ്രാഫിയും ഫോട്ടോഗ്രാഫിയും പുനർനിർണയിക്കാൻ ഒരുങ്ങുകയാണ്. ഉന്നത പ്രകടനം കാഴ്ച വെക്കുന്നതും ഈ വിഭാഗത്തിലെ മുൻനിര സവിശേഷതകളുമായ ഇൻ ക്യാമറ റോ, എൻ ലോഗ് വീഡിയ, എക്സ്പീഡ് 7 പ്രൊസസ്സർ തുടങ്ങിയ സെഡ് 9, സെഡ് 8 മോഡലുകളിലെ സവിശേഷതകൾക്കു തുടർച്ചയായാണിത്.

സെഡ് 6 III ലോകത്തിലെ ആദ്യ പാർഷ്യലി സ്റ്റാക്ക്ഡ് സിഎംഒഎസ് സെൻസറും അത്യാധുനീക ഓട്ടോ ഫോക്കസ് സംവിധാനങ്ങളുമായി അത്യുഗ്രൻ പ്രകടനവും മുൻകാലങ്ങളിലെ പ്രകടനങ്ങളെ പിന്തള്ളാനുള്ള ശക്തിയും ചേർന്നാണ് എത്തുന്നത്. ഇന്ത്യയിലെ എല്ലാ നിക്കോൺ ഔട്ട്ലെറ്റുകളിലും 2024 ജൂലൈ 25 മുതൽ 2,47,990 രൂപ മുതൽ (ബോഡി മാത്രം) ഈ നിക്കോൺ സെഡ് 6 III ക്യാമറ ലഭിക്കും.

# കുട്ടികളുടെ കാഴ്ച സംരക്ഷിക്കാൻ ക്ലിയർ സൈറ്റ് പദ്ധതിയുമായി ആസ്റ്റർ വൊളന്റിയേഴ്സ്



**തിരുവനന്തപുരം:** സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ നേത്ര പരിശോധനാ പദ്ധതി, 'ക്ലിയർ സൈറ്റ്' മായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സിഎസ്ആർ സംരംഭമായ ആസ്റ്റർ വൊളന്റിയേഴ്സ്. ആസ്റ്റീരിയൻ യുണൈറ്റഡ്, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഹോസ്പിറ്റലുകൾ ( ആസ്റ്റർ മെഡ്സിറ്റി, കൊച്ചി, ആസ്റ്റർ മിംസ് കോഴിക്കോട്, കണ്ണൂർ, കോട്ടക്കൽ), വൺസൈറ്റ് എസിലോർഎക്സോട്ടിക ഫൗണ്ടേഷൻ എന്നിവയുടെ പിന്തുണയോടെയാണ് എറണാകുളം, കോഴിക്കോട് ജില്ലകളിലെ സ്കൂൾ കുട്ടികൾക്കായി പദ്ധതി നടപ്പിലാക്കുന്നത്.

ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ജീവനക്കാർക്കായി കല, കായികം,സേവനം എന്നിങ്ങനെ വിവിധ മേഖലകളുൾക്കൊള്ളുന്ന പദ്ധതിയാണ് ആസ്ററീരിയൻ യുണൈറ്റഡ്. ക്ലിയർ സൈറ്റ് പദ്ധതിയുടെ നടത്തിപ്പിലേക്കായി രൂപകൽപ്പന നടത്തിയ വാഹനങ്ങളുടെ ചെലവ് വഹിച്ചത് ആസ്റ്റീരിയൻ യുണൈറ്റഡാണ്.

സ്കൂൾ കുട്ടികളുടെ കാഴ്ചശക്തി വർദ്ധിപ്പിച്ച് അവരുടെ ജീവിത നിലവാരം ഉയർത്താനുള്ള അവസരം ഒരുക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. നേത്ര പരിശോധനക്കായി പ്രോട്ടോക്കോളുകൾ സ്ഥാപിക്കുകയും കുട്ടികൾക്ക് രോഗം നിർണയിച്ചാലുടൻ പ്രീഫാബ്രിക്കേറ്റഡ് കണ്ണടകൾ നൽകുകയും ചെയ്യും. വർദ്ധിച്ചുവരുന്ന മയോപിയ ചെറുക്കുന്നതിന് സമയോചിതവും ഫലപ്രദവുമായ ഇടപെടലും ക്ലിയർ സൈറ്റ് പദ്ധതി ഉറപ്പാക്കുന്നു. സമീപഭാവിയിൽ കേരളത്തിന് പുറമെ രാജ്യത്തുടനീളമുള്ള നിരവധി കുട്ടികൾക്ക് വ്യക്തമായ കാഴ്ച നേടിക്കൊടുക്കാനുള്ള ഉദാത്ത യാത്രയ്ക്ക് ആണ് എറണാകുളത്തും കോഴിക്കോടും തുടക്കമാകുന്നത്.

ഗ്രാമപ്രദേശങ്ങളിലെ നിർധനരായ സമൂഹങ്ങൾക്ക് സൗജന്യ മെഡിക്കൽ ക്യാമ്പുകളും ദുരന്തനിവാരണ സഹായവും നൽകിക്കൊണ്ട് ആരോഗ്യ സംരക്ഷണ ലഭ്യതയിലെ വിടവ് നികത്തുകയാണ് ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ സിഎസ്ആർ സംരംഭമായ ആസ്റ്റർ വൊളന്റിയേഴ്സ് മൊബൈൽ മെഡിക്കൽ സർവീസസ് (എവിഎംഎംഎസ്) ലക്ഷ്യമിടുന്നത്. ഇതിനോടകം ഇന്ത്യ, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക തുടങ്ങി വിവിധ ദേശങ്ങളിലെ 1.4 ദശലക്ഷത്തോളം ജനങ്ങളിലേക്ക് എവിഎംഎംഎസ് സേവനമെത്തിച്ചിട്ടുണ്ട്. ആഗോളതലത്തിൽ 40ലേറെ യൂണിറ്റുകൾ എവിഎംഎംഎസിനുണ്ട്. കൂടുതൽ വിപുലീകരിക്കാനുള്ള പദ്ധതികളുണ്ട്. ആഗോളതലത്തിൽ ആരോഗ്യത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള ആസ്റ്ററിന്റെ ശ്രമങ്ങളെ ഊട്ടിയുറപ്പിക്കുന്ന യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ക്ലിയർ സൈറ്റ് പദ്ധതി.

'കേരളത്തിലെ രണ്ട് ജില്ലകളിലെ കുട്ടികൾക്ക് വ്യക്തമായ കാഴ്ച ഉറപ്പാക്കുന്നതിലൂടെ, കുട്ടികളുടെ വിദ്യാഭ്യാസ യാത്രയിലും വ്യക്തിഗത വളർച്ചയിലും ശോഭനമായ ഭാവിയിലും നേരിട്ട് സ്വാധീനം ചെലുത്തുകയാണ് ഞങ്ങൾ. കേരളത്തിലുടനീളം ആളുകൾക്ക് മികച്ച നേത്രസംരക്ഷണം ഉറപ്പാക്കുന്നതിനായി ആസ്റ്റർ ഗ്രൂപ്പുമായും കേരള സർക്കാരുമായും ഞങ്ങളുടെ പങ്കാളിത്തം തുടരാൻ ആഗ്രഹിക്കുന്നു. നേത്ര സംരക്ഷണം നൽകുക മാത്രമല്ല, എല്ലാവർക്കും ശോഭനവും നീതിയുക്തവുമായ ഒരു നാളെയെ രൂപപ്പെടുത്തുകയും ചെയ്യുകയാണ് ക്ലിയർ സൈറ്റ് പദ്ധതിയിലൂടെ ഞങ്ങൾ. ' വൺസൈറ്റ് എസ്സിലോർലക്സോട്ടിക്ക ഫൗണ്ടേഷൻ ഹെഡ് കെ.വി മഹേഷ് പറഞ്ഞു.

# പുനലൂർ ബൈപാസ് യാഥാർഥ്യത്തിലേക്ക്

**പുനലൂർ:** പുനലൂർ ബൈപാസ് ഡിപിആർ അംഗീകരിച്ചുവെന്നും കേന്ദ്ര മന്ത്രിസഭയുടെ അന്തിമ അംഗീകാരം ഒരു മാസത്തിനുള്ളിൽ ലഭ്യമാകുമെന്നും പി.എസ്.സുപാൽ എംഎൽഎ അറിയിച്ചു. കലക്ടറുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം ഉടൻ വിളിച്ചു ചേർക്കും. നിലവിൽ വനപ്രദേശങ്ങൾ, റെയിൽവേ ക്രോസിങ്ങുകൾ, ഓവർ ബ്രിജ് എന്നീ നിർമിതികളെ പരമാവധി ഒഴിവാക്കി പരിഗണിക്കാവുന്ന മൂന്നു സമാന്തര അലൈൻമെന്റ് ഒരാഴ്ചയ്ക്കുള്ളിൽ തയാറാക്കി സമർപ്പിക്കുന്നതിന് എംഎസ് ചൈതന്യ കൺസൽറ്റൻസിക്ക് നിർദേശം ലഭിച്ചിട്ടുണ്ടെന്നും എംഎൽഎ പറഞ്ഞു.500 കോടി രൂപയുടെ ബൈപാസ് നിർമാണത്തിനാണ് പ്രാഥമിക അംഗീകാരം ലഭിച്ചിട്ടുള്ളത്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ അലൈൻമെന്റ് ആകുന്നതനുസരിച്ച് ഉടൻതന്നെ ആരംഭിക്കാൻ കഴിയും. 80 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന നിലയിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് നിർമിക്കുന്ന നാലുവരി പ്രസ്തുത ബൈപാസിന് നിലവിൽ 12 കിലോമീറ്റർ ആണ് ദൂരപരിധി നിശ്ചയിച്ചിട്ടുള്ളതെങ്കിലും അന്തിമ അലൈൻമെന്റ് ആകുന്നതനുസരിച്ച് ഇത് മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു.പുതിയ ഗ്രീൻ ഫീൽഡ് പാത കമ്മിഷൻ ചെയ്യുന്നതോടുകൂടി പുനലൂരിൽ എത്താൻ ഇടയുള്ള ലക്ഷക്കണക്കിന് ശബരിമല തീർഥാടകർക്ക് അപകടരഹിതമായി ടൗണിലെ തിരക്കിൽ നിന്നൊഴിഞ്ഞ് യാത്ര ചെയ്യുന്നതിനുമായി നിലവിലെ കൊല്ലംചെങ്കോട്ട ദേശീയ പാതയ്ക്ക് സമാന്തരമായി തയാറാക്കിയ ബൈപാസ് പ്രപ്പോസൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു.എൻഎച്ച്എഐ ജനറൽ മാനേജർ രജനീഷ് കപൂർ, എൻഎച്ച്എഐ പ്രോജക്ട് ഡയറക്ടർ വിപിൻ മധു എന്നിവരെ തുടർ നടപടികൾക്കായി ചുമതലപ്പെടുത്തിയിരുന്നു.തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ എംഎൽഎ സന്ദർശിക്കുകയും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടത്തിയ പഠന റിപ്പോർട്ടും ജിപിഎസ് സർവേ നടത്തി, ഗൂഗിൾ എർത്തിൽ തയാറാക്കിയ പ്രാഥമിക അലൈൻമെന്റ്, കോണ്ടൂർ ആൻഡ് ടോപ്പോ സർവേ റിപ്പോർട്ട് ഉൾപ്പെടെ കൈമാറിയിരുന്നു.

# മണ്ഡല മകരവിളക്ക് മഹോത്സവത്തിന് വിപുലമായ ക്രമീകരണങ്ങൾ

**ശബരിമല:** ദർശനത്തിനെത്തുന്ന ഭക്ത ജനങ്ങൾക്ക് സുരക്ഷിതമായ ദർശനത്തിനാവശ്യമായ മുഴുവൻ ക്രമീകരണങ്ങളും എർപ്പെടുത്തുമെന്ന് ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. മണ്ഡല മകരവിളക്ക് മഹോത്സവ ക്രമീകരണങ്ങൾക്കായുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിന് വിവിധ വകുപ്പ് ഉദ്യോഗസ്ഥരും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രതിനിധികളുമായി നടത്തിയ യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. 52 ലക്ഷം പേരാണ് കഴിഞ്ഞ വർഷം മണ്ഡല മകരവിളക്ക് കാലയളവിൽ സന്നിധാനത്ത് ദർശനത്തിനെത്തിയത്. ഇത് ഓരോ വർഷവും വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കർക്കിടക മാസം ഒന്നിന് പതിനായിരക്കണക്കിന് ഭക്തജനങ്ങളാണ് ശബരിമല ദർശനം നടത്തിയത്.

പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമാണത്തിനും അറ്റകുറ്റപ്പണികൾക്കുമാവശ്യമായ ടെൻഡർ നടപടികളടക്കം അതിവേഗം പൂർത്തീകരിക്കും. ബി എം ബി സി നിലവാരത്തിലുള്ള മികച്ച റോഡുകളാണെങ്കിലും ചാലക്കയം ഭാഗത്ത് ശ്രദ്ധയിൽപെട്ട പ്രശ്നങ്ങൾ പരിഹരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഫെഡറൽ ബാങ്കിന് റെക്കോഡ് ലാഭം, ആദ്യപാദത്തിൽ 1010 കോടി രൂപ അറ്റാദായം

**കൊച്ചി:** 2024 ജൂൺ 30ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ 18.25 ശതമാനം വർദ്ധനവോടെ ഫെഡറൽ ബാങ്ക് 1009.53 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. മുൻ വർഷം ഇതേ പാദത്തിൽ 853.74 കോടി രൂപയായിരുന്നു അറ്റാദായം. ചരിത്രത്തിലെ ഏറ്റവുമുയർന്ന പാദവാർഷിക അറ്റാദായമാണ് ഇതോടെ ഫെഡറൽ ബാങ്ക് രേഖപ്പെടുത്തിയിരിക്കുന്നത്.

റെക്കോഡ് അറ്റാദായത്തിന്റെ കരുത്തോടെ പുതിയ സാമ്പത്തിക വർഷം തുടങ്ങാൻ സാധിച്ചതിൽ വളരെ അഭിമാനമുണ്ട്. നിക്ഷേപത്തിലും വായ്പയിലും ബാങ്കിങ് മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന തരത്തിൽ കൈവരിച്ച വളർച്ച ഞങ്ങളുടെ വിഹിതം ക്രമാനുഗതമായി ഉയർത്താൻ സഹായകമാകും. ശാഖകളുടെ എണ്ണം വർദ്ധിപ്പിച്ചും ഡിജിറ്റലായും നടത്തുന്ന പരിശ്രമങ്ങൾ രാജ്യമെമ്പാടും എത്താൻ ഞങ്ങളെ സഹായിക്കുന്നുണ്ട്.' ബാങ്കിന്റെ എംഡിയും സി ഇ ഒയുമായ ശ്യാം ശ്രീനിവാസൻ പറഞ്ഞു. 'ഈ പാദത്തിൽ പല പുതിയ നേട്ടങ്ങളും കൈവരിച്ചെങ്കിലും നൂതന സാങ്കേതിക സേവനങ്ങൾ അവതരിപ്പിച്ചതിന് ലഭിച്ച വിലപ്പെട്ട പുരസ്കാരങ്ങളാണ് എടുത്തുപറയേണ്ടവ. മികച്ച തുടക്കവും സുസ്ഥിരമായ വായ്പാഗുണമേന്മയും റീട്ടെയ്ൽ നിക്ഷേപത്തിലുള്ള വളർച്ചയും ഒത്തുചേരുന്നതിലൂടെ ഏറ്റവും ആദരിക്കപ്പെടുന്ന ബാങ്ക് ആവുക എന്ന ലക്ഷ്യം കൈവരിക്കാനാകുമെന്നാണ് ഞങ്ങളുടെ വിശ്വാസം.' ശ്യാം ശ്രീനിവാസൻ കൂട്ടിച്ചേർത്തു.

FEDERAL BANK
YOUR PERFECT BANKING PARTNER

പ്രവർത്തനലാഭത്തിലും ബാങ്കിന് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. 15.25 ശതമാനം വർധനവോടെ പ്രവർത്തനലാഭം 1500.91 കോടി രൂപയിലെത്തി. മുൻവർഷം ഇതേ കാലയളവിൽ 1302.35 കോടി രൂപയായിരുന്നു പ്രവർത്തനലാഭം.

ബാങ്കിന്റെ മൊത്തം ബിസിനസ് 19.92 ശതമാനം വർധിച്ച് 486871.33 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 222495.50 കോടി രൂപയായിരുന്ന നിക്ഷേപം 266064.69 കോടി രൂപയായി വർധിച്ചു.

വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 183487.41 കോടി രൂപയിൽ നിന്ന് 220806.64 കോടി രൂപയായി വർധിച്ചു. റീട്ടെയ്ൽ വായ്പകൾ 19.75 ശതമാനം വർധിച്ച് 70020.08 കോടി രൂപയായി. കാർഷിക വായ്പകൾ 29.68 ശതമാനം വർധിച്ച് 30189 കോടി രൂപയിലും വാണിജ്യ ബാങ്കിങ് വായ്പകൾ 23.71 ശതമാനം വർധിച്ച് 22687 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 12.20 ശതമാനം വർധിച്ച് 76588.62 കോടി രൂപയിലുമെത്തി. അറ്റപലിശ വരുമാനം 19.46 ശതമാനം വർധനയോടെ 2291.98 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 1918.59 കോടി രൂപയായിരുന്നു. 4738.35 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 2.11 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1330.44 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.60 ശതമാനമാണിത്. 70.79 ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 30300.84 കോടി രൂപയായി വർധിച്ചു. 15.57 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1518 ബാങ്കിംഗ് ഔട്ട്‌ലെറ്റുകളും 2041 എടിഎമ്മുകളുമുണ്ട്.

# മാർ ജോസഫ് സ്രാമ്പിക്കൽ വത്തിക്കാൻ സിനഡിന്റെ പഠനസമിതിയിൽ നിയമിക്കപ്പെട്ടു



**കൊച്ചി:** ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലിനെ വത്തിക്കാനിൽ നടന്നുവരുന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള ആഗോള സിനഡിന്റെ പഠനസമിതിയിലേക്ക് പരിശുദ്ധ സിംഹാസനം നിയമിച്ചു. പൗരസ്ത്യസഭകളും ലത്തീൻ സഭയുമായുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്നതിന് നിയമിക്കപ്പെട്ട 13 അംഗ വിദഗ്ധ സമിതിയിലേക്കാണ് മാർ സ്രാമ്പിക്കൽ നിയമിതനായിരിക്കുന്നത്. പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയത്തിന്റെ അധ്യക്ഷൻ കാർഡിനൽ ക്ലൗദിയോ ഗുജറോത്തി, ആർച്ചുബിഷപ്പ് മാർ സിറിൽ വാസിൽ എന്നിവരും ഈ സമിതിയിൽ അംഗങ്ങളാണ്. ആഗോള കത്തോലിക്കാസഭയിലെ തിരഞ്ഞെടുക്കപ്പെട്ട 118 അംഗങ്ങളാണ് വ്യത്യസ്ത വിഷയങ്ങളെ ആഴത്തിൽ പഠിച്ചു മാർപാപ്പയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ട സിനഡിന്റെ സമിതികളിൽ ഉള്ളത്. മാർ ജോസഫ് സ്രാമ്പിക്കലും മുംബൈ ആർച്ചുബിഷപ്പ് കാർഡിനൽ ഓസ്വാൾഡ് ഗ്രേഷ്യസ്സുമാണ് പഠനസമിതികളിൽ നിയമതരായിരിക്കുന്ന ഇന്ത്യക്കാർ. സീറോമലബാർസഭ ആഗോള സഭയായിമാറി എല്ലാ ഭൂഖണ്ഡങ്ങളിലും സാന്നിധ്യം അറിയിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആഗോള ലത്തീൻ കത്തോലിക്കാ സഭയുമായുള്ള ബന്ധത്തിൻറെ നൂതന സാധ്യതകൾ പഠിക്കാനുള്ള ഈ സമിതിയിലുള്ള മാർ ജോസഫ് സ്രാമ്പിക്കലിന്റെ നിയമനം സീറോമലബാർസഭയെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്നതും അഭിമാനകരവുമാണ്.

# ഇന്റർനാഷണൽ ഗ്രീൻ ഗൗൺ അവാർഡ് നേടി കുസാറ്റ്

**കൊച്ചി:** യു.എൻ എൻവയോൺമെൻറ് പ്രോഗ്രാമിൻറെ പിന്തുണയോടെ അലിയാൻസ് ഗ്ലോബൽ ഇൻവെസ്റ്റേഴ്സുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ഗ്രീൻ ഗൗൺ അവാർഡിൽ അംഗീകാരം നേടി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല. 2030 ക്ലൈമറ്റ് ആക്ഷൻ വിഭാഗത്തിൽ 'സസ്റ്റേയ്നബിൾ ക്യാമ്പസ് മിഷൻ: ട്രാൻസ്ഫർമേഷൻ, എൻവയോൺമെൻറൽ സ്റ്റൂവർഡ്ഷിപ്പ് ആൻഡ് ബിയോണ്ട് എന്ന പ്രോജക്ടിലാണ് അംഗീകാരം. ഈ വിഭാഗത്തിൽ ഫൈനലിസ്റ്റുകളുടെ പട്ടികയിൽ ഉൾപ്പെടുന്ന ഇന്ത്യയിൽ നിന്നുള്ള ഏക എൻട്രിയാണ് കുസാറ്റ്. 8 വിഭാഗങ്ങളിലായി 28 രാജ്യങ്ങളിൽ നിന്ന് 95 ഫൈനലിസ്റ്റുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. അവാർഡിൻറെ വിജയികളെ ഒക്ടോബറിൽ പ്രഖ്യാപിക്കും. സർവകലാശാലകളിലേയും കോളേജുകളിലേയും അസാധാരണമായ സുസ്ഥിരതാ സംരംഭങ്ങളെ അംഗീകരിക്കുന്നതിനായി 2004ൽ യുകെയിലും അയർലൻഡിലും സ്ഥാപിതമായ പദ്ധതിയാണ് ഗ്രീൻ ഗൗൺ അവാർഡുകൾ. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ളിലെ മികച്ച പരിശീലനത്തിനുള്ള അഭിമാനകരമായ അംഗീകാരമായി അവാർഡുകൾ മാറി.

# സേതുസാഗർ1 പണിമുടക്കി: വൈപ്പിൻ ഫോർട്ടുകൊച്ചി റൂട്ടിൽ ദുരിതയാത്ര

**വൈപ്പിൻ:** ഫോർട്ടുകൊച്ചിവൈപ്പിൻ റൂട്ടിലെ റോറോ ജങ്കാറുകളിലൊന്ന് സ്റ്റിയറിംഗ് തകരാറിനെതുടർന്ന് സർവീസ് നിർത്തി. സേതുസാഗർ1 ആണ് തകരാറിലായത്. മുംബൈയിൽനിന്ന് ടെക്നീഷ്യൻ എത്തി തകരാർ പരിഹരിച്ചാലെ ഇനി സർവീസ് പുനരാരംഭിക്കാനാവു.

ഇതേതുടർന്ന് ഇപ്പോൾ ഒരു ജങ്കാർ മാത്രമാണ് ഇവിടെ സർവീസിനുള്ളു. ഇതുമൂലം ഇരുകരകളിലും ജങ്കാർ കാത്തുകിടക്കുന്ന വാഹനങ്ങളുടേയും യാത്രക്കാരുടെയും നിര നീളാൻ തുടങ്ങിയതോടെ യാത്രാദുരിതം വർധിച്ചിരിക്കയാണ്.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com